കമ്പനി ഏറ്റെടുത്തതിനുശേഷം 2007-08-ൽ വിറ്റുവരവ് 14.11 കോടി രൂപയായിരുന്നത് 2014-15-ൽ 43.50 കോടി രൂപയായി ഉയർന്നു. 2007 ഡിസംബറിൽ കമ്പനി ഏറ്റെടുത്തതിനു ശേഷമുള്ള ആദ്യ കാലയളവിൽ കമ്പനി ലാഭമുണ്ടാക്കിയിരുന്നെങ്കിലും തുടർന്ന് 2013-14 വരെയുള്ള നാല് വർഷങ്ങളിൽ കമ്പനിയ്ക്ക് നഷ്ടം സഹിക്കേണ്ടി വരികയും തൻമൂലം സഞ്ചിത നഷ്ടം 24.20 കോടി രൂപയോളം ആകുകയും ചെയ്തു. ഇത് പ്രധാനമായും ഏറ്റെടുക്കൽ സമയത്തുണ്ടായിരുന്ന സഞ്ചിത നഷ്ടം മുന്നോട്ട് എടുത്തതിനാലും 2008-ലും പിന്നീട് 2013-ലുമായി രണ്ടു പ്രാവശ്യം നടത്തിയ ജീവനക്കാരുടെ വേതന വർദ്ധനവിനാലും ആയിരുന്നു. അങ്ങനെ ആകെ ആസ്തി 3.64 കോടി രൂപയോളം കുറവിലേയ്ക്ക് എത്തിച്ചേരുകയും ചെയ്തു. അനന്തര ഫലമായി കമ്പനി BIFR-ലേയ്ക്ക് റഫർ ചെയ്യപ്പെടുകയുണ്ടായി.

പ്രൊവിഷണൽ കണക്കുകൾ പ്രകാരം 2014-15 വർഷത്തിൽ കമ്പനി 43.59 കോടിയുടെ വിറ്റുവരവും 0.79 കോടിയുടെ ലാഭവും നേടി. തൽഫലമായി സഞ്ചിത നഷ്ടം 23.41 കോടി രൂപയായി കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. മത്സരമേറിയ വിപണിയിൽ നിലയുറപ്പിക്കുന്നതിനായി കമ്പനി ഉൽപ്പാദന ശ്രേണി വിപുലീകരിക്കുകയും വർദ്ധിത മൂല്യമുള്ള ഉപഭോക്താക്കളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നുണ്ട്. ISRO, BAPL, DRDL മുതലായ വർദ്ധിതമൂല്യമുള്ള ഉപഭോക്താക്കളിൽ നിന്നും ഭാവിയിൽ കൂടുതൽ ഓർഡറുകൾ നേടാൻ കമ്പനി ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഉൽപ്പാദനവും വിൽപ്പനയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ കമ്പനി ആസൂത്രണം ചെയ്തിട്ടുണ്ട്. വിൽപ്പന ടാർജറ്റ് ക്രമാനുഗതമായി വർദ്ധിപ്പിച്ചുകൊണ്ടും മെച്ചപ്പെട്ട ഉൽപ്പാദനക്ഷമത കൈവരിച്ചും സഞ്ചിത നഷ്ടം പടിപടിയായി ഇല്ലായ്മ ചെയ്യാമെന്നും കമ്പനിയുടെ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാമെന്നും പ്രതീക്ഷിക്കുന്നു.

വിദ്യാർത്ഥി-യുവജന സംരംഭക പദ്ധതി

13 (*643) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാർത്ഥി-യുവജന സംരംഭക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇതിലൂടെ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) സംസ്ഥാനത്ത് വർഷംതോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്കും സംരംഭകത്വ ആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിനുള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. കോളേജ് വിദ്യാർത്ഥികളെ സംരംഭകത്വത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി വിദ്യാർത്ഥി സംരംഭകത്വ നയം 2012-ൽ ഉന്നത വിദ്യാഭ്യാസവകപ്പും യുവജനങ്ങൾക്കായുള്ള സാങ്കേതിക സംരംഭകത്വ നയം 2014-ൽ വിവരസാങ്കേതിക വകപ്പും രൂപീകരിച്ചിട്ടുണ്ട്. ആശയ രൂപീകരണം, മാതൃകാ നിർമ്മാണം, കമ്പനി രൂപീകരണം എന്നീ മൂന്നു ഘട്ടങ്ങളിലായി വിദ്യാർത്ഥികൾക്ക് മാർക്ക്, ഹാജർ എന്നിവ നൽകുന്നതിനാണ് പ്രസ്തുത നയത്തിൽ വിഭാവനം ചെയ്യുന്നത്. വിദ്യാർത്ഥികളെയും യുവജനങ്ങളെയും തൊഴിൽ അന്വേഷകർ എന്നതിനുപകരം തൊഴിൽ ദാതാക്കളായി മാറ്റുന്ന സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇതുവഴി കഴിയും.

(ബി&സി) യുവ സംരംഭകരുടെ സാങ്കേതിക ആശയം വികസിപ്പിച്ച് സ്വന്തം നിലയിൽ പ്രവർത്തിക്കുന്ന കമ്പനിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരളാ സ്റ്റാർട്ട് അപ്പ് മിഷൻ നടത്തിവരുന്നു. സംസ്ഥാനത്തെ വ്യവസായ, വിവര സാങ്കേതിക വകപ്പുകൾ, സർവ്വകലാശാലകൾ, കേരള സ്റ്റാർട്ട് അപ്പ് മിഷൻ കാക്കനാട്ടുള്ള സ്റ്റാർട്ട് അപ്പ് വില്ലേജ്, സംസ്ഥാനത്തെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 4 പോളിടെക്നിക് കോളേജുകൾ, കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ വ്യവസായ സംരംഭകത്വ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. 2013 സെപ്റ്റംബർ 12 സംസ്ഥാന സംരംഭകത്വ ദിനമായി ആചരിക്കുകയും സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിൽ ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യുബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ്, അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ടെക്നോളജി ബിസിനസ്സ് സെന്ററുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

സാങ്കേതിക മേഖലയിലെ യുവസംരംഭകരെ പൂർണ്ണ തോതിലുള്ള സ്ഥാപനങ്ങളാക്കുവാൻ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് കേരളാ സ്റ്റാർട്ട് അപ്പ് മിഷൻ നടത്തിവരുന്നത്. 210-ഓളം കമ്പനികൾക്ക് ഇൻകുബേഷനുള്ള സൗകര്യം ഇതിനകം നൽകിയിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണം

14 (*644) ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിച്ച് വിപണിയിൽ മറ്റ് ഉൽപ്പന്നങ്ങളോട് മത്സരിക്കാൻ കഴിയുന്ന തരത്തിൽ സജ്ജമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിക്കാതെ നിലനിർത്തുന്നതിന് സാദ്ധ്യമാകുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിക്കുന്നതിനുവേണ്ടി വിവിധ തലത്തിലുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. പരമ്പരാഗത കൈത്തറി വ്യവസായ മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികളും ഉപകരണങ്ങളും ആവശ്യമായ പരിശീലനങ്ങളും നൽകിയിട്ടുണ്ട്. സാരികളിൽ സോളിഡ് ബോർഡർ, ബുട്ടാ ഡിസൈൻ തുടങ്ങിയവ ചെയ്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. ഓർഗാനിക് കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഓർഗാനിക് ഡൈയിംഗ് പരിശീലനം നടത്തി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി പ്രകാരം പ്രീലൂം പ്രോസസ്സിംഗിൽ ഐ.ഐ.എച്ച്.ടി വികസിപ്പിച്ചെടുത്ത ഗുണമേന്മയേറിയ വാർപ്പ് ഉൽപ്പാദിപ്പിക്കുന്നതിന് സഹായകരമായ സ്മൂൾ വാർപ്പിംഗ്

LIBRARY ARCHIVES Kerala Legislative Assembly